# കേരളസർവകലാശാല

നം.പി.ആർ.62/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ഏപ്രിൽ 4 ന് ആരംഭിക്കുന്ന എം.പി.ഇ. (പ്രീവിയസ് ആന്റ് ഫൈനൽ) ആന്വൽ സ്കീം സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല മാർച്ച് 28 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി., സെപ്റ്റംബർ 2021 സ്പെഷ്യൽ പരീക്ഷ ഏപ്രിൽ 1 ലേക്ക് മാറ്റിയിരിക്കുന്നു.

കേരളസർവകലാശാല 2022 മാർച്ച് 28, 29 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ (2013 അഡ്മിഷന് മുൻപ്) കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്സി. ഇലക്ട്രോണിക്സ് (340), ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഏപ്രിൽ 5, 7 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

### വൈവ വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (എസ്.ഡി.ഇ. – 2019 അഡ്മിഷൻ റെഗുലർ, 2017 & 2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ വൈവ വോസി ഏപ്രിൽ 1, 2, 4 തീയതികളിൽ കാര്യവട്ടത്തുള്ള വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.കോം. (2019 അഡ്മിഷൻ റെഗുലർ, 2017 & 2018 അഡ്മിഷൻ സപ്ലിമെന്ററി), ഡിസംബർ 2019 പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ വോസി എപ്രിൽ 1, 4, 5, 6 തീയതികളിൽ കാര്യവട്ടത്തുള്ള വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. എല്ലാ വിദ്യാർത്ഥികളും 10 മണിക്ക് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പത്താം സെമസ്റ്റർ എൽ.എൽ.ബി. വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശം

കേരളസർവകലാശാല ഏപ്രിൽ 18 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷ എഴുതുന്ന റെഗുലർ വിദ്യാർത്ഥികൾ അവരവരുടെ കാൻഡിഡേറ്റ് കോഡ് രേഖപ്പെടുത്തിയ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളുടെ പകർപ്പുകളും, ഏപ്രിൽ 19 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷ എഴുതുന്ന റെഗുലർ വിദ്യാർത്ഥികൾ അവരവരുടെ കാൻഡിഡേറ്റ് കോഡ് രേഖപ്പെടു

ത്തിയ ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പുകളും ഏപ്രിൽ 15 ന് മുൻപായി അതാത് കോളേജ് പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതാണ്. പ്രസ്തുത പകർപ്പുകൾ കോളേജ് പ്രിൻസിപ്പാൾമാർ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം ഏപ്രിൽ 20 ന് സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

റെഗുലർ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ അതാത് കോളേജുകളിൽ അയയ്ക്കുന്ന സംവിധാനത്തിന്റെ ഭാഗമായാണ് പ്രസ്തുത യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ആവശ്യപ്പെടുന്നത്.

## ഹാൾടിക്കറ്റ്

കേരളസർവകലാശാല 2022 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന ബി.എ/ബി.കോം./ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ./ബി.ബി.എ./ബി.എസ്സി. മാത്തമാറ്റിക്സ് അഞ്ചും ആറും സെമസ്റ്റർ (എസ്.ഡി.ഇ.) പരീക്ഷകൾക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള ഹാൾടിക്കറ്റ് മാർച്ച് 26 മുതൽ സ്റ്റുഡന്റ്സ് പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. ഈ വിദ്യാർത്ഥികൾ അവരുടെ ഹാൾടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

## പിഎച്ച്.ഡി. നൽകി

പ്രശാന്ത് ആർ.എസ്. (ജിയോളജി), ജെൻസി എസ്., മുംമ്താസ് എസ്., ഷീബ എം.ലക്ഷ്മൺ, മനോജ് എം.വി. (കൊമേഴ്സ്), നയ്വാല അപ്പുഹാമിലാകെ ധമ്മിക ജയസിൻഹെ (ലിംഗ്വിസ്റ്റിക്സ്), ഷജീർ എസ്. (ഇസ്ലാമിക് ഹിസ്റ്ററി), സൗമ്യ എസ്. (തമിഴ്), രേണു പി ജോൺ (സൈക്കോളജി), വിമൽ കുമാർ സി.എൽ. (ഹിസ്റ്ററി), രാജിമോൾ എസ്. (ഹിന്ദി), അർച്ചന എസ്. (മാനേജ്മെന്റ് സ്റ്റഡീസ്), രതീഷ് എസ്., റോബിന ആന്റണി (ബയോകെമിസ്ട്രി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## മൂല്യനിർണ്ണയക്യാമ്പുകൾ 30 മുതൽ പുനഃരാരംഭിക്കും

കേരളസർവകലാശാല നടത്തി വരുന്ന എല്ലാ പരീക്ഷാ മൂല്യനിർണ്ണയക്യാമ്പുകളും മാർച്ച് 26 മുതൽ 29 വരെ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. മാർച്ച് 30 മുതൽ ടി ക്യാമ്പുകൾ പ്രവർത്തിക്കുന്നതാണ്.

തിരുവനന്തപുരം,
25.03.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**For more details: 9497447713**